# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 193 | 07.02.2019 - ൽ മറുപടിക്ക് |
|---|---|

## ചരക്ക് സേവന നികുതി സംവിധാനത്തിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.ആർ. സുനിൽ കുമാർ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാന താല്പര്യങ്ങൾക്ക് അനുഗുണമാകുന്ന രീതിയിലാണോ ചരക്ക് സേവന നികുതി സംവിധാനമെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ചരക്കുസേവനനികുതി നിയമവുമായി ബന്ധപ്പെട്ട റിട്ടേണുകൾ ഇതുവരെയും പൂർണ്ണമായി ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ജി.എസ്.ടി യിൽ വിഭാവന ചെയ്ത റിട്ടേൺ ഫയലിംഗ് സംവിധാനം സങ്കീർണതകൾ കാരണം പുന:പരിശോധനക്ക് വിധേയമാക്കുകയും പുതിയ റിട്ടേൺ സംവിധാനം പ്രാബല്യത്തിൽ വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിർണ്ണായകമായ പരിശോധനകൾ നടത്തുവാൻ ഇപ്പോൾ തടസ്സമുണ്ട്. ജി.എസ്.ടി പ്രാപ്യസ്ഥാനാധിഷ്ഠിത ഉപഭോഗ നികുതിയായതിനാൽ പ്രധാനമായും ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമായിരിക്കുമെന്നായിരുന്നു തുടക്കത്തിലുള്ള വിലയിരുത്തൽ. ഈ ഗണത്തിൽ നമുക്ക് നികുതിവരുമാനം പുതുതായി ലഭിക്കുന്നുണ്ട്. എന്നാൽ, ജി.എസ്.ടി നിലവിൽ വന്നശേഷം നികുതിനിരക്ക് കുറച്ചത് വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. തൻമൂലം പ്രതീക്ഷിതവളർച്ച കൈവരിക്കാൻ കഴിഞ്ഞില്ല. ജി.എസ്.ടി ഉറപ്പനൽകിയ |

| | | | |
|---|---|---|---|
| | | | 14% നികുതിവളർച്ച കോമ്പൻസേഷൻ വഴി ലഭിക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഉൽപാദനവും ഉപഭോഗവും കൂടുതലായുള്ള സംസ്ഥാനങ്ങളാണ് നിലവിലെ സാഹചര്യത്തിൽ ജി.എസ്.ടി നികുതിപിരിവിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നത്. ഇത് വ്യക്തമാക്കുന്നത് നിലവിലുള്ള അപൂർണ്ണമായ റിട്ടേണുകളുടെ പഴുതുപയോഗിച്ച് വ്യാപകമായ തോതിൽ നികുതിവെട്ടിപ്പ് നടന്നുവരുന്നു എന്നുള്ളതാണ്. 2017-18 സാമ്പത്തികവർഷത്തിലെ വാർഷികറിട്ടേൺ 2019 ജൂലൈ 1 ൽ മാത്രമേ ലഭ്യമാകുകയുള്ളൂ. ഇത് ലഭ്യമാകുന്ന മുറയ്ക്ക് വിശദപരിശോധന നടത്തുമ്പോൾ നികുതിപിരിവിൽ ഗണ്യമായ വർദ്ധന വരുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂല്യവർദ്ധിതനികുതി നിലവിലുണ്ടായിരുന്ന കാലത്ത് സംസ്ഥാനത്തിന്റെ മൊത്തം നികുതിപിരിവിന്റെ സിംഹഭാഗവും 14.5% നികുതിനിരക്കുള്ള സാധനങ്ങളിൽ നിന്നായിരുന്നു. എന്നാൽ, ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം വിവിധ വ്യാപാര ഉല്പാദക സംഘടനകളുടെ നിവേദനങ്ങൾ പരിഗണിച്ച് ജി.എസ്.ടി കൗൺസിൽ പല ആഡംബരവസ്തുക്കളുടെയും നികുതിനിരക്ക് 28% ൽ നിന്ന് 18%, 12% എന്നീ നിരക്കുകളിലാക്കി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റിട്ടേണുകൾ പൂർണ്ണമായി ഫയൽ ചെയ്യപ്പെടുകയും അതിന്റെ വിശദമായ സ്ക്രൂട്ടിണി നടത്തുകയും ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ നികുതിവരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജി.എസ്.ടി നിയമം നടപ്പിലായതിനെത്തുടർന്ന്, ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള നികുതിനിരക്ക് നിശ്ചയിക്കുന്നത് ജി.എസ്.ടി |

| | | | |
|---|---|---|---|
| | | | കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനങ്ങൾക്ക് സ്വന്തമായി നികുതിനിരക്കിൽ വ്യത്യാസം വരുത്താൻ അധികാരമില്ല. പ്രളയത്തെത്തുടർന്ന് അധിക വിഭവസമാഹരണം ആവശ്യമായ സമയത്ത് ഈ പരിമിതികൾ വളരെപ്രകടമായി. എന്നാലും ജി.എസ്.ടി കൗൺസിൽ സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് സംസ്ഥാന ചരക്കുസേവന നികുതിക്കു പുറമേ 1% സെസ്സ് കൂടി ഏർപ്പെടുത്തുവാൻ അധികാരം നൽകുകയുണ്ടായി. |
| (ബി) | ചരക്ക് സേവന നികുതിയിൽ രജിസ്റ്റർ ചെയ്യാനുള്ള വിറ്റുവരവ് പരിധി നാല്പത് ലക്ഷമാക്കുന്നതിന് ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; ഇതിനനുസൃതമായി സംസ്ഥാനത്ത് വിറ്റുവരവ് പരിധി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | രജിസ്റ്റർ ചെയ്യാനുള്ള വിറ്റുവരവ് പരിധി 40 ലക്ഷത്തിൽ അധികരിക്കാതെ തീരുമാനം എടുക്കുവാൻ സംസ്ഥാനങ്ങളെ അനുവദിച്ചിട്ടുണ്ട്. 2019 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തും ഇത് 40 ലക്ഷമായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | വിറ്റുവരവ് പരിധി നാല്പത് ലക്ഷമാക്കുന്നത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിക്കുമോ; വ്യക്തമാക്കുമോ; | (സി) | ജി.എസ്.ടി മൂല്യവർദ്ധിത നികുതിയായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷൻ പരിധി ഉയർത്തുന്നത് നികുതി ശൃംഖല പരിശോധിക്കുന്നത് ശ്രമകരമാക്കുന്നതാണ്. എന്നാൽ, 1.5 കോടി വരെയുള്ള ചെറുകിടവ്യാപാരികൾക്ക് കോമ്പോസിഷൻ സംവിധാനം നിലവിലുള്ളതിനാൽ വിറ്റുവരവ് പരിധി ഉയർത്തുന്നതുമൂലം രജിസ്ട്രേഷൻ വേണ്ടെന്ന് വെയ്ക്കുന്ന വ്യാപാരികളുടെ എണ്ണം കുറവായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെയായാൽ നികുതിവരുമാനത്തെ ഇത് കാര്യമായി ബാധിക്കുവാൻ സാധ്യതയില്ല. |

| | | | |
|---|---|---|---|
| (ഡി) | ഒന്നരകോടി രൂപവരെ വിറ്റുവരവുള്ളവർക്ക് കോംപോസിഷൻ നിരക്ക് ബാധകമാക്കണമെന്ന തീരുമാനം സംസ്ഥാനം അംഗീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. ആയതിനാവശ്യമായ നിയമഭേദഗതി സംസ്ഥാന ചരക്കുസേവന നികുതിനിയമത്തിലും വരുത്തിയിട്ടുണ്ട്. ഇത് 01/02/2019 മുതൽ നടപ്പിൽ വന്നിട്ടുണ്ട്. |
| (ഇ) | സേവന മേഖലയിലെ കോംപോസിഷൻ നിരക്കും അതിന്റെ പരിധിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (ഇ) | 32-ാം ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം, 50 ലക്ഷം രൂപ വരെ വിറ്റുവരവുള്ള നികുതിദാതാക്കൾക്കും കോമ്പോസിഷൻ നിരക്കിൽ നികുതി ഒടുക്കാവുന്നതാണ്. 6% ആണ് നികുതിനിരക്ക്. |

**സെക്ഷൻ ഓഫീസർ**